നൂറനാട് ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈല

നൂറനാട് ഗ്രാമ പഞ്ചായത്ത്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പിലെ 1-ാം ഉപവകുപ്പ്, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങളിലെ 7-ാം ചട്ടം, 1995- ലെ കേരള പഞ്ചായത്ത് രാജ് (ബൈലകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ എന്നിവയുമായി കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, നൂറനാട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ കരട് ബൈല 19/09/2026 –ലെ 4(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത കരട്ബൈല പൊതുജനങ്ങളിൽനിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നു. നോട്ടിസ് തീയതി മുതൽ 30 ദിവസത്തിനകം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഗ്രാമപഞ്ചായത്ത് ഓഫിസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

1. **ചുരുക്കപ്പേരും പ്രാരംഭവും.**
    1. ഈ ബൈലയെ നൂറനാട് ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈല എന്ന പേരിൽ അറിയപ്പെടുന്നതാണ്.
    2. ഈ ബൈല പഞ്ചായത്ത് ഡയറക്ടർ അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. **നിർവ്വചനങ്ങൾ** : ഈ ബൈലയിൽ സന്ദർഭം മറ്റൊരു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-
    1. "ആക്റ്റ്" എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നർത്ഥമാകുന്നു.
    2. "സെക്രട്ടറി" എന്നാൽ നൂറനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു.
    3. പഞ്ചായത്ത്" എന്നാൽ നൂറനാട് ഗ്രാമ പഞ്ചായത്ത് എന്നർത്ഥമാകുന്നു.

4. "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.
5. "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.
6. "ബൈല" എന്നാൽ ആക്റ്റിലെ 256-ാം വകുപ്പ് പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്ത് ഉണ്ടാക്കുന്ന ബൈല എന്നർത്ഥമാകുന്നു. ഈ ബൈലയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. നൂറനാട് ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിനുള്ള അവകാശം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും ഈ ബൈലയിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.
4. സർക്കാരിൽ നിന്നോ, മറ്റു മേലധികാരികളിൽ നിന്നോ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിബന്ധനകളും ഈ നിബന്ധനകളോടൊപ്പം ഉഭയകക്ഷികൾക്കും ബാധകമായിരിക്കും.
5. മുറികൾ കൈവശം വയ്ക്കാനുള്ള അവകാശം വർഷാ വർഷമോ അഥവാ പരമാവധി മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേക്കോ മാർച്ച് 31 ന് അവസാനിക്കും വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്. എന്നാൽ പ്രസ്തുത മുറികൾക്ക് ഏതെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ലേലക്കാരന് നടത്തണമെങ്കിൽ പഞ്ചായത്തിൻറെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ലീസ് അസാധുവാകുന്നതുമാണ്.
6. പഞ്ചായത്ത് കമ്മറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയേക്കാൾ അഞ്ചു ശതമാനം (5%) അധികരിക്കാൻ പാടില്ല.
7. മൊത്തം ലേല സംഖ്യയുടെ തുകയ്ക്ക് അനുസൃതമായി നിയമാനുസരണം ലേലക്കാരൻ സ്വന്തം ചെലവിൽ പഞ്ചായത്തുമായി ഉടമ്പടി

ഒപ്പുവയ്ക്കേണ്ടതാണ്. പ്രസ്തുത ഉടമ്പടി 1994 ലെ പഞ്ചായത്ത് രാജ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിലായിരിക്കേണ്ടതാണ്.

8. ആകെ കെട്ടിടങ്ങളിൽ / മുറികളിൽ 10% പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും 3% വികലാംഗർക്കും (50%-നു മുകളിൽ അംഗവൈകല്യമുള്ള) 3% വിധവകൾക്കും നീക്കി വയ്ക്കുന്നതും ഇപ്രകാരം അവർക്കായി സംവരണം ചെയ്തിട്ടുള്ളവ പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതുമാണ്. ടി വിഭാഗക്കാരിൽ നിന്നും അപേക്ഷകർ ആരും തന്നെ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് നീക്കിവച്ച മുറികൾ പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് പരസ്യലേലം മുഖേന നൽകാവുന്നതാണ്. എന്നാൽ അടുത്തുണ്ടാകുന്ന ഒഴിവ് ഈ വിഭാഗത്തിൽ പെട്ടവർക്കായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

9. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതിലേക്ക് പ്രസിദ്ധപ്പെടുത്തുന്ന ലേലവ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഇതിൻ പ്രകാരം ആവശ്യമായ തുക നിരതദ്രവ്യമായി ലേലം തുടങ്ങുന്നതിനു മുമ്പ് നൽകേണ്ടതാണ്.

10. ലേലം സ്ഥിരപ്പെടുത്താത്തവർക്ക് നിരതദ്രവ്യം തൽസമയം തന്നെ മടക്കിക്കൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയവരുടെ നിരതദ്രവ്യം അവരുടെ പേരിൽ ലേല സെക്യൂരിറ്റിയായി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതായിരിക്കും. ആയതിന് യാതൊരു പലിശയും നൽകുന്നതല്ല.

11. ലേലം ചെയ്യുന്ന ഉദ്യോഗസ്ഥൻ ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ടയാൾ അപ്പോൾ തന്നെ മൂന്ന് മാസത്തെ വാടക മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണ്. ഈ സംഖ്യയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല.

12. ലേല വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്ന പക്ഷം നിരതദ്രവ്യവും മൂന്ന് മാസത്തെ മുൻകൂർ വാടകയും കൈവശക്കാരൻ ബാദ്ധ്യതകൾ തീർത്ത് മുറി തിരിച്ചേല്പിക്കുമ്പോൾ മടക്കി കൊടുക്കുന്നതാണ്.

13. ലേലം പഞ്ചായത്ത് അംഗീകരിച്ചാൽ ലേലക്കാരനെ വിവരം

അറിയിക്കുന്നതും അറിയിപ്പിൽ പറയുന്ന തീയതി മുതൽ മുറി ഏറ്റു വാങ്ങേണ്ടതുമാണ്. മുറി ഏറ്റു വാങ്ങുന്നതിന് മുമ്പ് ലേലക്കാലത്തേക്ക് ആകെ വരുന്ന വാടക തുകയിൽ കുറയാത്ത, ലേല ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സംഖ്യയ്ക്ക് സ്വന്തം പേരിലോ ജാമ്യക്കാരന്റെ പേരിലോ സോൾവൻസി സാക്ഷ്യപത്രം നൽകേണ്ടതും 7-ാം ഖണ്ഡിക പ്രകാരമുള്ള ഉടമ്പടി ലേലക്കാരൻ്റെ സ്വന്തം ചെലവിൽ എഴുതി രജിസ്റ്റർ ചെയ്ത് തരേണ്ടതുമാണ്.

14. ലേലം കൊണ്ട വകയിൽ പഞ്ചായത്തിൽ അടയ്ക്കേണ്ട എല്ലാവിധ തുകകൾക്കും ലേലക്കാരനും അവരുടെ സ്ഥാവര സ്വത്തുക്കളും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കുന്നതാണ്.

15. ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പു കിട്ടി നിശ്ചിത തീയതിക്കുള്ളിൽ നിയമ പ്രകാരം ഉടമ്പടി വച്ച് മുറി ഏറ്റു വാങ്ങാത്ത പക്ഷം ലേലം ദുർബലപ്പെടുത്തുന്നതും ലേലക്കാരൻ പഞ്ചായത്തിലേക്ക് മുൻകൂർ കെട്ടിവച്ച നിരതദ്രവ്യവും മൂന്ന് മാസത്തെ മുൻകൂർ വാടകയും പിടിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതുമാണ്. കൂടാതെ മുറി വീണ്ടും ലേലം ചെയ്യുമ്പോൾ ലേലസംഖ്യ ആദ്യത്തേതിലും കുറവായാൽ തൻമൂലം പഞ്ചായത്തിന് സംഭവിക്കുന്ന നഷ്ടം ആദ്യത്തെ ലേലക്കാരനിൽ നിന്നും വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതും ആയതിന് ആദ്യലേലക്കാരനും അയാളുടെ സ്വത്തുകളും ഉത്തരവാദിയായിരിക്കുന്നതുമാണ്.

16. മുറികളിൽ ഉപയോഗിക്കുന്ന ഉപകരണവസ്തുക്കളുടേയും വൈദ്യുതചാർജ്ജ് തുടങ്ങിയ മറ്റും ചെലവുകളും ലേലക്കാരൻ വഹിക്കേണ്ടതാണ്.

17. മുറികളിൽ നടത്തപ്പെടുന്ന കച്ചവടങ്ങൾക്ക് ലേലക്കാരൻ സർക്കാരിന്റേയോ പഞ്ചായത്തിൻ്റെയോ, സംഗതിയിൽ പ്രത്യേക ലൈസൻസ് ആവശ്യമുള്ളവ വാങ്ങിയിരിക്കേണ്ടതാണ്.

18. ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതുമാസം 5-ാം

തീയതിക്ക് മുമ്പായി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണമടയ്ക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേക്ക് പ്രതിമാസം 1% പിഴ പലിശയോട് കൂടി അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഗതിയിൽ, സെക്രട്ടറി രേഖാ മൂലമായ നോട്ടീസ് മൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പലിശയോ പിഴപ്പലിശയോ സഹിതം കൊടുക്കേണ്ട തുക അങ്ങനെയുള്ള നോട്ടീസയച്ച് തുക നൽകുന്നതിന് വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും, അതിന് വീഴ്ച വരുത്തുന്ന സംഗതിയിൽ അദ്ദേഹം ഉടൻ തന്നെ പരിസരങ്ങൾ താൽക്കാലികമായി അടച്ചിടീക്കേണ്ടതും പോലീസിൻ്റെ സഹായത്തോടേയോ അല്ലാതയോ അതിന്റെ കൈവശക്കാരനേയോ കൈവശക്കാരേയോ അവിടെ നിന്നും ഒഴിപ്പിക്കേണ്ടതും ആകുന്നു.

19. 18-ാം ഖണ്ഡിക പ്രകാരം ആ പരിസരങ്ങൾ അടച്ചിട്ടാൽ തന്നെയും ലൈസൻസുകാരൻ ആ പരിസരം ഉപയോഗിക്കുന്നയാളും കൈവശക്കാരനുമായി തുടരുന്നതും അവിടെയുള്ള വകകളുടെ സുരക്ഷയ്ക്ക് ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. എന്നാൽ അയാൾ ആ പരിസരങ്ങൾ ബലമുപയോഗിച്ച് തുറക്കാനോ അവിടെ പുനഃപ്രവേശിക്കാനോ പാടില്ലാത്തതുമാകുന്നു.

20. 18-ാം ഖണ്ഡിക പ്രകാരം, ഒരു പരിസരം സെക്രട്ടറി അടച്ചിടുമ്പോൾ അദ്ദേഹം നോട്ടീസ് വഴി നോട്ടീസിൽ പറഞ്ഞേക്കാവുന്ന സമയത്തിനുള്ളിൽ കൊടുക്കേണ്ട തുക കൊടുത്തു തീർക്കുവാൻ ലൈസൻസുകാരനോട് നിർദ്ദേശിക്കേണ്ടതാണ്.

21. 20-ാം ഖണ്ഡിക പ്രകാരം, നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരമുള്ള തുക ലൈസൻസുകാരൻ അടയ്ക്കുന്നപക്ഷം, സെക്രട്ടറി ഉടൻ തന്നെ അയാൾക്ക് ആ പരിസരങ്ങളുടെ കൈവശം വിട്ടുകൊടുക്കേണ്ടതും അയാൾ ആ തുക കൊടുത്ത് തീർക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ സെക്രട്ടറി ഉടൻ തന്നെ ലൈസൻസ് റദ്ദാക്കേണ്ടതും റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് അയാളെ

അറിയിക്കേണ്ടതും എന്തെങ്കിലും കാരണവശാൽ അയാളെ നേരിട്ട് ഉത്തരവ് അറിയിക്കുവാൻ സാധിക്കാതിരിക്കുകയാണെങ്കിൽ അത് 18-ാം ഖണ്ഡിക പ്രകാരം അടച്ചിട്ട പരിസരത്ത് പ്രസിദ്ധീകരിക്കേണ്ടതും അത് മതിയായ നോട്ടീസായി കരുതേണ്ടതുമാണ്.

22. 21-ാം ഖണ്ഡിക പ്രകാരം സെക്രട്ടറി ലൈസൻസ് റദ്ദാക്കിയിട്ടുള്ളിടത്ത് അദ്ദേഹം ലൈസൻസുകാരന് മുൻകൂട്ടി നോട്ടീസ് നൽകികൊണ്ടും പൊതുനോട്ടീസ് നൽകിയശേഷവും വിജ്ഞാപനം ചെയ്തിട്ടുള്ള ദിവസം ആ പരിസരങ്ങളിൽ കാണപ്പെട്ട വകകൾ ലേലം വഴിയോ അല്ലാതെയോ കൈ ഒഴിയേണ്ടതും അതിൽ നിന്നു കിട്ടുന്ന വരുമാനം ലൈസൻസുകാരനിൽ നിന്നും കിട്ടേണ്ട തുകയിലും വിൽപ്പനയോട് ബന്ധപ്പെട്ട മറ്റു ചാർജ്ജുകളിലും ചെലവുകളിലും തട്ടിക്കിഴിക്കേണ്ടതും ശിഷ്ടം എന്തെങ്കിലുമുണ്ടെങ്കിൽ അത് ലൈസൻസുകാരനിൽ നിന്ന് ഈടാക്കേണ്ട തുകയും വിൽപ്പനയോട് ബന്ധപ്പെട്ട മറ്റു ചാർജ്ജുകളിലും ചെലവുകളിലും കൊടുത്തു തീർക്കാനും അപ്രകാരമുള്ള വിൽപ്പനയിൽ നിന്നുള്ള വരുമാനം മതിയാകുന്നില്ലെങ്കിൽ ബാക്കി തുക ലൈസൻസുകാരനിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി കുടിശ്ശികയെന്ന പോലെ വസൂലാക്കേണ്ടതാണ്.

23. മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത് കൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിക്ക് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആൾക്ക് കൊടുത്തിട്ടുള്ള ലൈസൻസ് അദ്ദേഹം ഉടൻ തന്നെ ഉത്തരവ് വഴി റദ്ദാക്കേണ്ടതും അതാതു സംഗതി പോലെ ആ കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ആളിനോടോ, ആളുകളോടോ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞുപോകുവാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതുമാണ്.

എന്നാൽ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഉപയോഗിക്കുന്നയാളേയോ കൈവശക്കാരനേയോ

ഒഴിപ്പിക്കുകയും ചെയ്യുന്നതിന് മുമ്പ് സെക്രട്ടറി അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ നോട്ടീസിൽ പറഞ്ഞിരിക്കേണ്ട ന്യായമായ സമയത്തിനുള്ളിൽ കാരണം കാണിക്കാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള ഉത്തരവ്, അതിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ പാലിച്ചില്ലെങ്കിൽ, സെക്രട്ടറി അങ്ങനെയുള്ള ആളേയോ ആളുകളേയോ ആ കെട്ടിടത്തിൽ നിന്നോ, മുറിയിൽ നിന്നോ ഇടത്തിൽ നിന്നോ പോലീസ് സഹായത്തോട് കൂടിയോ അല്ലാതെയോ നീക്കം ചെയ്യേണ്ടതും ആ കെട്ടിടമോ, മുറിയോ, ഇടമോ അതത് സംഗതി പോലെ അടച്ചിടേണ്ടതും ആകുന്നു. അതിനെത്തുടർന്ന് ആ പരിസരത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും പഞ്ചായത്തിന്റെ വകയായിരിക്കുന്നതും അവയെ കയ്യൊഴിയേണ്ടതും അതിൽ നിന്നുള്ള വരുമാനം പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതുമാകുന്നു.

24. പഞ്ചായത്തിന്റെ രേഖാമൂലമായ അനുമതി കൂടാതെ മുറി ലേലം കൊണ്ടയാൾക്ക് എടുപ്പിന് യാതൊരുവിധ ഭേദഗതിയും വരുത്താനോ കൂട്ടിച്ചേർക്കുവാനോ അവകാശം ഉണ്ടായിരിക്കുന്നതല്ല. മുറികളുടെ ചുമരുകൾക്കോ മറ്റ് അനുബന്ധ ഉപകരണങ്ങൾക്കോ കേടുപാടുകൾ വരുത്തുന്ന വിധമോ വികൃതമാക്കുന്ന രീതിയിലോ (ചുവരെഴുത്തുകള്,പരസ്യങ്ങൾ,പോസ്റ്ററുകൾ എന്നിവ ഭിത്തികൾക്ക് കേടുപടുണ്ടാക്കുന്ന ഉപ്പ് മുതലായ സാധനങ്ങൾ സംഭരിക്കുക) യാതൊരു പ്രവൃത്തിയും ലേലക്കാരൻ ചെയ്യാൻ പാടുള്ളതല്ല. ഇളക്കി മാറ്റാവുന്ന ബോർഡുകൾ മാത്രമേ പരസ്യങ്ങളായി പ്രദർശിപ്പാൻ പാടുള്ളൂ. മേൽപ്പറഞ്ഞതിന് വിരുദ്ധമായി എന്തെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ലേലക്കാരൻ അതിന് ഉത്തരവാദിയായിരിക്കുന്നതും ടിയാനിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നഷ്ട പരിഹാരം ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൊള്ള, തീപിടുത്തം, പ്രകൃതിക്ഷോഭം, ലഹള മുതലായ കാരണങ്ങളാൽ ലേലക്കാരന്

എന്തെങ്കിലും കഷ്ടനഷ്ടം സംഭവിച്ചാൽ പഞ്ചായത്ത് അതിന് ഉത്തരവാദിയായിരിക്കുന്നതല്ല.

25. പൊതുജനങ്ങളുടെ ആരോഗ്യത്തിനും താല്പര്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമായ സാധനങ്ങൾ പാൻപരാഗ്, ഗുഡ്ക മുതലായ നിരോധിത ഉല്പന്നങ്ങൾ മുറികളിൽ സൂക്ഷിക്കുകയോ, പ്രദർശിപ്പിക്കുകയോ, വില്പന നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്.പഞ്ചായത്തിൽ നിന്നും ലൈസൻസ്/അനുമതി വാങ്ങുന്ന കാര്യങ്ങൾക്കല്ലാതെ മറ്റു കാര്യങ്ങൾക്കായി ലേലം കൊണ്ട മുറി ഉപയോഗിക്കാൻ പാടുള്ളതല്ല.

26. പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകുന്നതും പെട്ടെന്ന് തീപിടിക്കുന്നതിന് സാദ്ധ്യത ഉള്ളതുമായ പദാർത്ഥങ്ങൾ, അതായത് വെടിമരുന്ന്, പടക്കങ്ങൾ, പെട്രോൾ മുതലായവയുടെ വ്യാപാരത്തിന് മുറി ഉപയോഗിക്കാൻ പാടുള്ളതല്ല.

27. ലേലം ഉറപ്പിക്കുന്നത് സംബന്ധിച്ച പരിപൂർണ്ണ അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. ലേലം നടത്തുമ്പോൾ ലേല സംഖ്യ മതിയാകാത്തതാണെന്ന് തോന്നിയാൽ ലേലം മാറ്റി വയ്ക്കുന്നതിന് ലേലം നടത്തുന്ന ഉദ്യോഗസ്ഥനും പ്രസ്തുത ഉദ്യോഗസ്ഥൻ താല്ക്കാലികമായി സ്ഥിരപ്പെടുത്തിയ ലേലം അസ്ഥിരപ്പെടുത്തി പുനർലേലത്തിന് വയ്ക്കാൻ പഞ്ചായത്തിനും അധികാരമുണ്ടായിരിക്കുന്നതാണ്.

28. ലേലക്കാരൻ ലേല നിബന്ധനകളോ ഉടമ്പടി വ്യവസ്ഥകളോ ലംഘിക്കുന്നതാകയാൽ അയാൾക്കെതിരെ 500/- രൂപയിൽ കവിയാത്ത തുക പിഴ ചുമത്താനും ആദ്യ ലംഘനത്തിന് പിഴ ഈടാക്കിയ ശേഷം ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 500/- രൂപയിൽ കവിയാത്ത വിധം പഞ്ചായത്ത് നിശ്ചയിക്കുന്ന പിഴയായി ഈടാക്കാനും പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ പിഴ ചുമത്തിയാൽ ആ സംഖ്യ ലേലക്കാരന്റെ സെക്യൂരിറ്റിയിൽ നിന്ന് പഞ്ചായത്തു ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണ്. അത്രയും സംഖ്യ ലേലക്കാരൻ അതു സംബന്ധിച്ച് നോട്ടീസ്

കിട്ടി 7 ദിവസത്തിനകം പഞ്ചായത്തുഫണ്ടിൽ ഒടുക്കേണ്ടതാണ്.

29. നിലവിൽ വാടകയിനത്തിലോ മറ്റോ വീഴ്ച വരുത്തിയവരെ പിന്നീട് നടക്കുന്ന ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

30. ലേലക്കാരൻ കാലാവധി തീരും മുമ്പേ ഒഴിഞ്ഞു പോകാൻ രേഖാമൂലം ആവശ്യപ്പെട്ടാൽ അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റും മുൻകൂർ വാടകയും പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് പ്രസ്തുത ലേലക്കാരൻ്റെ കാലാവധി അവസാനിക്കുമ്പോൾ പഞ്ചായത്തിനുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾ തിട്ടപ്പെടുത്തി അത് ടി തുകയിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുക ലേലക്കാരന് തിരിച്ചു നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും

.

31. മുറി ലേലത്തിൽ പിടിക്കുന്ന വ്യക്തി വ്യാപാരം/ഷോപ്പ് നടത്തുന്നതു മൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൻ്റെ പരിസരത്ത് കൂട്ടിയിടുകയോ വലിച്ചെറിയുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

32. ഏതെങ്കിലും കാരണവശാൽ ലേലക്കാരൻ വാടക കുടിശ്ശിക വരുത്തുന്ന പക്ഷം പഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട തുക കണക്കാക്കി ആയത് പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി കുടിശ്ശികയെന്ന പോലെ വസൂലാക്കുകയോ, 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സിവിൽ വ്യവഹാരമോ പ്രോസിക്യൂഷൻ മുഖാന്തിരമോ പിരിച്ചെടുക്കുന്നതിനോ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

NOORANAD GRAMA PANCHAYATH * P.O. PADANILAM *

Secretary
Nooranad Grama Panc
Padanilam P.O. Alappuzha
Mob: 9495043